(ഡി) 2005-2006 സാമ്പത്തിക വർഷത്തിൽ ഈ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുള്ളതും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചു വരുന്നു.

കൊണ്ടോട്ടി താലൂക്ക് രൂപീകരണം

200 [1821] *ശ്രീ. കെ. എൻ. എ. ഖാദർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റവന്യൂ താലൂക്കുകൾ ജനസംഖ്യാനുപാതികമായി വിഭജിക്കാനും കൊണ്ടോട്ടി ആസ്ഥാനമാക്കി പുതിയൊരു താലൂക്ക് രൂപീകരിക്കുവാനും അതോടൊപ്പം പുതിയ വില്ലേജുകളുടെ രൂപീകരണവും വേണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ ഗവൺമെന്റ് എന്തെങ്കിലും നടപടി ഇതുവരെയായി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനസംഘടനയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗകമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ പുതിയ താലൂക്കുകളുടെ രൂപീകരണം എന്ന ആവശ്യം പരിഗണിക്കാനാവൂ.

കരിപ്പൂർ വില്ലേജ് രൂപീകരണം

201 [1822] *ശ്രീ. കെ. എൻ. എ. ഖാദർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൊണ്ടോട്ടി മണ്ഡലത്തിലെ കരിപ്പൂർ വില്ലേജ് രൂപീകരണ നിർദ്ദേശം നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വില്ലേജ് എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനസംഘടനയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗകമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ പുതിയ വില്ലേജ് രൂപീകരണം എന്ന ആവശ്യം പരിഗണിക്കാനാവൂ.

മൈത്രീ ഭവന പദ്ധതി

202 [1827] *ശ്രീ. എ. എ. അസീസ് :*

,, *കോവൂർ കുഞ്ഞുമോൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന പദ്ധതി പ്രകാരം വായ്പ ലഭിക്കുകയും ഒന്നും രണ്ടും ഗഡുക്കൾ വായ്പ കൈപ്പറ്റി കെട്ടിടം പണി പൂർത്തീകരിക്കുകയും ചെയ്തശേഷം അവസാനത്തെ ഗഡു തുക കെട്ടിടം വലുതായിപ്പോയെന്ന കാരണത്താൽ നിഷേധിക്കുകയും വാങ്ങിയ തുകയും, പലിശയും തിരിച്ചടയ്ക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുള്ള നിരവധി കേസ്സുകൾ നിലവിലുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വീട് അൽപ്പം വലുതായിപ്പോയെന്ന കാരണത്താൽ സ്വീകരിച്ചിട്ടുള്ള ഇത്തരം നടപടികൾ നിറുത്തിവയ്ക്കുകയും അവസാനത്തെ ഗഡു തുക നൽകുന്നതിന് നടപടി കൈക്കൊള്ളുകയും ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വന്തമായി വാസയോഗ്യമായ ഭവനം ഇല്ലാത്തവരും മാസവരുമാനം 1800 രൂപയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിയ ഭവന പദ്ധതിയാണ് മൈത്രീ ഭവന പദ്ധതി. ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ സർക്കാർ അംഗീകൃത തറവിസ്തീർണ്ണം 28.33 ചതുരശ്ര മീറ്റർ ആയിരുന്നു. 27-7-1998-ൽ 35 ചതുരശ്ര മീറ്ററായും 10-1-2003-ൽ 50 ചതുരശ്ര മീറ്ററായും തറ വിസ്തീർണ്ണ പരിധി സർക്കാർ ഉയർത്തിയിട്ടുണ്ട്. 50 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണത്തിൽ വീടുകൾ നിർമ്മിച്ച ധാരാളം അപേക്ഷകൾ ലഭിച്ചതിനാൽ 25-5-2005-ൽ കൂടിയ ബോർഡ് താഴെ പറയുന്ന തറ വിസ്തീർണ്ണ പരിധിക്കുള്ളിലുള്ള വീടുകൾക്കു മാത്രം വായ്പ ഗഡുക്കൾ നൽകിയാൽ മതിയെന്ന് തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly